പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6133 — 20.11.2019 ലെ മറുപടിയ്ക്ക്.

## കുറ്റ്യാടി നിയോജകമണ്ഡലത്തിലെ പട്ടികജാതി ക്ഷേമ പ്രവർത്തനങ്ങൾ

| ചോദ്യം<br>ശ്രീ.പാറക്കൽ അബ്ദുല്ല | | ഉത്തരം<br>എ. കെ. ബാലൻ<br>പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം കുറ്റ്യാടി നിയോജക മണ്ഡലത്തിൽ പട്ടികജാതിക്ഷേമ പ്രവർത്തനങ്ങൾക്കായി അനുവദിച്ച പദ്ധതികൾ ഏതൊക്കെയാണ്; വ്യക്തമാക്കുമോ; | (എ) | കുറ്റ്യാടി നിയോജകമണ്ഡലത്തിൽ നിന്നും അംബേദ്കർ ഗ്രാമം സമഗ്രവികസന പദ്ധതി 2016-17 ൽ ഉൾപ്പെടുത്തി 4 എസ്.സി കോളനികളും, 2019-20 ൽ ഉൾപ്പെടുത്തി ഒരു കോളനിയും വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനായി തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട് പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പദ്ധതികളുടെ പേര്, ഓരോ പദ്ധതിക്കും അനുവദിച്ചിട്ടുള്ള തുക, ഓരോ പദ്ധതിയും ഇപ്പോൾ ഏതു ഘട്ടത്തിലാണ് എന്നീ വിവരങ്ങൾ ലഭ്യമാക്കുമോ; | (ബി) | അനുബന്ധമായി ചേർക്കുന്നു. |
| (സി) | പദ്ധതികൾക്കായി അനുവദിച്ചിട്ടുള്ള തുകയിൽ എത്ര ശതമാനം വീതം ചെലവഴിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ | (സി) | അംബേദ്കർ ഗ്രാമം പദ്ധതി 2016-17 ൽ ഉൾപ്പെട്ട 4 കോളനി വികസന പദ്ധതികൾക്കായി 50 ലക്ഷം രൂപ വീതം നിർവ്വഹണ ഏജൻസിക്ക് (ജില്ലാ നിർമ്മിതി കേന്ദ്രം, കോഴിക്കോട്) അനുവദിച്ചിട്ടുണ്ട്. 2019-20 ലെ ഒരു കോളനി വികസന പദ്ധതിക്ക് 10 ലക്ഷം രൂപ ഏജൻസിക്ക് (ജില്ലാ നിർമ്മിതി കേന്ദ്രം, കോഴിക്കോട്) അനുവദിച്ച് നൽകിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പദ്ധതികളിൽ ഇനി പൂർത്തീകരിക്കാനുള്ളവ എന്നത്തേക്ക് പൂർത്തീകരിക്കാനാകും എന്നാണ് കരുതുന്നതെന്ന് വ്യക്തമാക്കുമോ; | (ഡി) | വെള്ളൂക്കര കോളനിയിലെ അവശേഷിക്കുന്ന പ്രവൃത്തികൾ 2019 നവംബർ 30 നകവും മീനത്തുകര കോളനിയുടെ അവശേഷിക്കുന്ന പ്രവർത്തികൾ 2019 ഡിസംബർ 30 നകവും പൂർത്തീകരിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു. പാലയാട് കോളനി മണിയൂർ, തുരുത്തി കോളനി, തിരുവള്ളൂർ, എട്ടുത്തുംകര ഐ.എച്ച്.ഡി.പി കോളനി മണിയൂർ എന്നീ കോളനികളുടെ നിർമ്മാണ പ്രവർത്തികൾ ഉടൻ ആരംഭിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ഇ) | പദ്ധതികളുടെ പൂർത്തീകരണ ത്തോടെ കൈവരിക്കാൻ കഴിയുമെന്ന് കരുതുന്ന പ്രധാനനേട്ട ങ്ങളെന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (ഇ) | പദ്ധതി പൂർത്തീകരണത്തിലൂടെ പട്ടികജാതി ജനവിഭാഗങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം, പാർപ്പിടം, ജീവനോപാധി, വിദ്യാഭ്യാസ നിലവാരം എന്നിവ മെച്ചപ്പെടുത്തുന്നതാണ്. |
| (എഫ്) | ഈ സർക്കാർ അധികാരമേറ്റ ശേഷം ഭരണാനുമതി ലഭിച്ചെങ്കിലും ഇനിയും പ്രവൃത്തി ആരംഭിക്കാത്ത പദ്ധതികൾ മണ്ഡലത്തിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ; പ്രസ്തുത പദ്ധതികൾ എന്നത്തേക്ക് ആരംഭിക്കാനാകും; വ്യക്തമാക്കുമോ? | (എഫ്) | പ്രവർത്തി ആരംഭിക്കാത്ത പദ്ധതികൾ മണ്ഡലത്തിലുണ്ട്. പാലയാട്, ഉരുത്തി, എട്ടുത്തുംകര ഐ.എച്ച്.ഡി.പി കോളനികളിലെ പ്രവർത്തികളുടെ എസ്റ്റിമേറ്റ് ലഭ്യമായിട്ടുണ്ട്. ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| | **അംബേദ്കർ ഗ്രാമം പദ്ധതി 2016-17** | | |
|---|---|---|---|
| ക്രമ നം. | കോളനിയുടെ പേര് | അനുവദിച്ച തുക | പുരോഗതി |
| 1 | വെള്ളൂക്കര കോളനി - തിരുവള്ളൂർ | 10000000 | 80% പ്രവൃത്തികൾപൂർത്തീകരിച്ചിട്ടുണ്ട്. |
| 2 | മീനത്തുകര കോളനി - മണിയൂർ | 10000000 | 60% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| 3 | പാലയാട് കോളനി - മണിയൂർ | 10000000 | എസ്റ്റിമേറ്റ് ലഭ്യമായിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| 4 | തുരുത്തി കോളനി - തിരുവള്ളൂർ | 10000000 | എസ്റ്റിമേറ്റ് ലഭ്യമായിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| | **അംബേദ്കർ ഗ്രാമം പദ്ധതി 2019-20** | | |
| 1 | എടുത്തുംകര ഐ.എച്ച്.ഡി.പി കോളനി (മണിയൂർ) | 5000000 | പ്രാരംഭ നടപടികൾ ആരംഭിക്കുന്നതിനായി ബന്ധപ്പെട്ട പട്ടികജാതി വികസന ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ